"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്- മെ.വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ് ലിമിറ്റഡിന് വനം വകുപ്പിൽ നിന്നും **2025-26** സാമ്പത്തിക വർഷത്തേയ്ക്ക് അനുവദിക്കുന്നതിന് അനുമതി നൽകിയ അസംസ്കൃത വസ്തുക്കൾ **2026-27** സാമ്പത്തിക വർഷത്തേയ്ക്ക് കൂടി അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (ബി) വകുപ്പ്**

സ.ഉ.(കൈ) നം.12/2026/F&WLD തീയതി, തിരുവനന്തപുരം, 12-03-2026

---

പരാമർശം:- 1) 1/4/2025-ലെ സ.ഉ(കൈ) നമ്പർ 11/2025/F&WLD നമ്പർ സർക്കാർ ഉത്തരവ്.

2) മെ.വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ് ലിമിറ്റഡ്, മാനേജിംഗ് ഡയറക്ടർ 3/1/2026-ൽ ബഹു.വനം വന്യജീവി വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനം.

3) പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്)-ന്റെ 24/1/2026-ലെ പ്രൊ(4)-6543/2023 നമ്പർ കത്ത്.

4) 23/1/2026-ലെ GO (Rt) 34/2026/FWLD നമ്പർ സർക്കാർ ഉത്തരവ്.

5) 25/2/2026-ലെ G.O(Rt) No.91/2026/F&WLD നമ്പർ സർക്കാർ ഉത്തരവ്.

**ഉത്തരവ്**

വനവിഭവങ്ങളായ (പൾപ്പ് വുഡ്) അക്കേഷ്യ മാഞ്ചിയം മെട്രിക് ടണ്ണിന് **1550/-** (ആയിരത്തി അഞ്ഞൂറ്റി അമ്പത് രൂപ) നിരക്കിലും, അക്കേഷ്യ ഓറിക്കുലിഫോർമിസ് **2000/-** (രണ്ടായിരം രൂപ) ബാധകമായ നികുതികളും എന്ന നിരക്കിലും, മിസലേനിയസ് ഫയർവുഡിന് മെട്രിക് ടണ്ണിന് **1000/-** രൂപ എന്ന നിരക്കിലും, വിദേശ കളയായി വനത്തിനും വന്യജീവികൾക്കും വിനാശകാരിയായ മഞ്ഞക്കൊന്ന (സെന്ന) നീക്കം ചെയ്യുന്നതിനായി, **KPPL-** ന് കൊടുത്ത അതേ വ്യവസ്ഥയുടെയും ഉപാധിയുടെയും അടിസ്ഥാനത്തിൽ, മെട്രിക് ടണ്ണിന് **350/-** രൂപ എന്ന നിരക്കിലും **2025-26** സാമ്പത്തികവർഷത്തിൽ വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ് ലിമിറ്റഡിന് ലഭ്യതക്കനുസരിച്ചു പരമാവധി **50000 MT** അനുവദിക്കുന്നതിന് പരാമർശം **1)** പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു.

2) 2025-26 സാമ്പത്തിക വർഷത്തേയ്ക്ക് മെ. വെസ്റ്റേൺ ഇന്ത്യ പ്ലൈവുഡ് ലിമിറ്റഡിന് വനം വകുപ്പിൽ നിന്നും അനുവദിച്ച അസംസ്കൃത വസ്തുക്കൾ വർക്കിംഗ് പ്ലാനുകളുടെ അഭാവവും കരാറുകളിൽ ഏർപ്പെടുവാൻ ഉണ്ടായ കാലതാമസവും കാരണം പരിമിതമായ അളവിൽ മാത്രമേ അനുവദിക്കുന്നതിന് സാധിച്ചിട്ടുള്ളു എന്നതിനാൽ പ്രസ്തുത അസംസ്കൃത വസ്തുക്കൾ 2026-27 സാമ്പത്തിക വർഷത്തേയ്ക്ക് കൂടി അനുവദിച്ച് നൽകണമെന്ന് പരാമർശം 2) പ്രകാരം വെസ്റ്റേൺ ഇന്ത്യ പ്ലൈവുഡ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ അഭ്യർഥിച്ചിരുന്നു.

3) വർക്കിംഗ് പ്ലാനുകൾ നിലവിൽ ഇല്ലാത്തതിനാലും കരാറിൽ ഏർപ്പെടാൻ ഉണ്ടായ കാലതാമസവും മൂലം 2025-26-ൽ പരിമിതമായ അളവിൽ മാത്രമേ അസംസ്കൃത വസ്തുക്കൾ അനുവദിക്കാനാകൂ എന്നും വർക്കിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന ഘട്ടത്തിലാണെന്നും 2026-27-ൽ എല്ലാ വർക്കിംഗ് പ്ലാനുകളും പ്രാബല്യത്തിലാകുമെന്നതിനാൽ കൂടുതൽ അസംസ്കൃത വസ്തുക്കൾ അനുവദിക്കാൻ കഴിയുമെന്നും ഇതിനനുസരിച്ച്, നിബന്ധനകൾക്ക് വിധേയമായി 2026-27 സാമ്പത്തിക വർഷത്തേക്കുള്ള അസംസ്കൃത വസ്തുക്കൾ അനുവദിക്കുന്നതിനായി വെസ്റ്റേൺ ഇന്ത്യ പ്ലൈവുഡ് ലിമിറ്റഡ് നൽകിയ അപേക്ഷ തത്വത്തിൽ അംഗീകരിക്കാമെന്നും പരാമർശം 3) പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ് ) ശുപാർശ ചെയ്യുകയുണ്ടായി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) ശിപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (1) ഉത്തരവ് പ്രകാരം മെ. വെസ്റ്റേൺ ഇന്ത്യ പ്ലൈവുഡ് ലിമിറ്റഡിന് വനം വകുപ്പിൽ നിന്നും 2025–26 സാമ്പത്തിക വർഷത്തേയ്ക്ക് അനുവദിക്കുവാൻ അനുമതി നൽകിയ അതേ അസംസ്കൃത വസ്തുക്കൾ അതേ അളവിലും അതേ നിരക്കിലും, നിബന്ധനകളോടും കൂടി നിലവിൽ അംഗീകരിച്ചു നൽകിയ പ്രകാരമുള്ള കരാറിൽ ഏർപ്പെട്ടു കൊണ്ട് 2026–27 സാമ്പത്തിക വർഷത്തേയ്ക്ക് കൂടി അനുവദിച്ച് നൽകുന്നതിന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്)-ന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിൻഹാജ് അലം ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ് ലിമിറ്റഡ്, ബല്യപട്ടം, കണ്ണൂർ.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെൻ്റ്) ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) വൈൽഡ് ലൈഫ് വാർഡൻ, ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ) കേരള, തിരുവനന്തപുരം.

പൊതുഭരണ (SC) വകുപ്പ് (02.03.2026- ലെ ഇനം നമ്പർ 3776 പ്രകാരം)
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Ramjan P A
Date: 12-03-2026 14:51:52
സെക്ഷൻ ഓഫീസർ